പൂജപ്പുര എ/588-ാം നമ്പർ ക്വാർട്ടേഴ്സ് അനുവദിക്കുവാൻ നടപടി

112 (3753) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂജപ്പുര രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിലെ 47/588 എന്ന ക്വാർട്ടേഴ്സ് ഇപ്പോൾ ആരുടെ പേരിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആരുടെയും പേരിലല്ലെങ്കിൽ ഇത് ഒഴിഞ്ഞിട്ട് എത്രകാലമായി ;

(സി) ആർക്കെങ്കിലും അനുവദിച്ചിട്ടുണ്ടെങ്കിൽ ഏത് മാസം വരെയുള്ള വാടക ലഭിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത ക്വാർട്ടേഴ്സ് ഒഴിവാണെങ്കിൽ എന്നു മുതൽ ; ഒഴിഞ്ഞ വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടോ ;

(ഇ) ഈ ക്വാർട്ടേഴ്സിന് അപേക്ഷ ആരെങ്കിലും നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൂജപ്പുര ഗവൺമെന്റ് ക്വാർട്ടേഴ്സിൽ എ ടൈപ്പിൽപ്പെട്ട 47/588 എന്ന ക്വാർട്ടേഴ്സ് ഇപ്പോൾ ആരുടെയും പേരിലല്ല.

(ബി) ഈ ക്വാർട്ടേഴ്സ് 25-11-1998 മുതൽ ഒഴിഞ്ഞു കിടക്കുകയാണ്.

(സി) ഈ ക്വാർട്ടേഴ്സ് ആർക്കും ഇതുവരെ നൽകിയിട്ടില്ല.

(ഡി) 25-11-1998 മുതൽ ഈ ക്വാർട്ടേഴ്സ് ഒഴിഞ്ഞു കിടക്കുന്നു എന്ന വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്.

(ഇ) ഒരു അപേക്ഷ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്.

ആധാരത്തിന്റെ നമ്പരും വിശദാംശങ്ങളും

113 (3754) ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 8-6-1999-ന് 979/1998 നമ്പരായി മല്ലപ്പള്ളി സബ്രജിസ്ട്രാർ ഓഫീസിൽ നടന്ന ആധാരപ്രകാരം അടുങ്കപ്രത്ത് ജോസഫ് പണിക്കരിൽ നിന്നും തെക്കേമുറിയിൽ റ്റി. എസ്. ജോൺ മുതൽപേർ വാങ്ങിയ പതിനഞ്ചരസെന്റ് സ്ഥലം കല്ലൂപ്പാറ എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി ഐ. എച്ച്. ആർ. ഡി.ക്ക് കൈമാറിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് കൈമാറിയത് ; ഇതിനുവേണ്ടി നടത്തിയ ആധാരത്തിന്റെ നമ്പരും വിശദാംശങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly